# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2198** **16.08.2017-ൽ മറുപടിക്ക്**

### ലോഡ് ഷെഡിംഗ്

| | ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ പി.ജെ.ജോസഫ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കമോ; | (എ) | സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | കേന്ദ്ര പൂളിൽനിന്നും അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | കേന്ദ്ര പൂളിൽ നിന്നും വാർഷിക അറ്റകുറ്റപണികൾ ഉള്ള നിലയങ്ങൾ ഒഴിച്ച് മറ്റ് താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം സാധാരണ ഗതിയിൽ ലഭ്യമാകുന്നുണ്ട്. എന്നാൽ അവിചാരിതമായുണ്ടാകുന്ന യന്ത്ര തകരാറുകളും കൽക്കരി ലഭ്യത കുറവു മൂലമുള്ള ഉൽപ്പാദനക്കുറവും വൈദ്യുതി വിഹിതത്തിൽ കുറവ് വരുത്തുന്നുണ്ട്.<br>കൂടാതെ കൂടംകുളം ആണവ നിലയത്തിലെ രണ്ട് ജനറേറ്ററുകളും അറ്റകുറ്റപ്പണികൾക്കായി നിർത്തിവച്ചതു കൊണ്ട് 260 മെഗാവാട്ടിന്റെ കുറവ് 05.08.2017 മുതൽ നിലനിൽക്കുന്നുണ്ട്. |
| (സി) | ജലവൈദ്യുത പദ്ധതികൾ തടസ്സം കൂടാതെ പ്രവർത്തിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള ജലം ഇപ്പോൾ ജലസംഭരണികളിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | ജലവൈദ്യുത പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കാനുള്ള വെള്ളം നിലവിൽ ജലസംഭരണികളിൽ ഇല്ല. കാലവർഷകുറവ് മൂലം ജല വൈദ്യുത നിലയങ്ങളിലെ ഉൽപ്പാദനം ക്രമീകരിച്ച്, പുറമേ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിലെല്ലാം പവർ എക്സ്ചേഞ്ച് വഴിയും മറ്റ് സംസ്ഥാനങ്ങൾ വേണ്ടെന്ന് വെക്കുന്ന കേന്ദ്ര നിലയങ്ങളിലെ വൈദ്യുതിയും ലഭ്യമാക്കി, ജലസംഭരണ ശേഷി കൂടുതലുള്ള ഇടുക്കി, ഇടമലയാർ, ശബരിഗിരി എന്നീ നിലയങ്ങളിലെ ഉൽപ്പാദനം സാധ്യമായ |

| | | | |
|---|---|---|---|
| | | | സമയങ്ങളിലെല്ലാം കുറയ്ക്കുന്നു. 2017 ജൂൺ 1 -ാം തീയതി മുതൽ ജൂലായ് 31-ാം തീയതി വരെ 1145 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നീരൊഴുക്കാണ് ലഭ്യമായിട്ടുള്ളത്. ഇത് കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി നീരൊഴുക്കിന്റെ 49% മാത്രമാണ്. എങ്കിലും ഉൽപാദന ആസൂത്രണത്തിലൂടെ ഈ വർഷം മുഴുവൻ ജലവൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**